(ഇ) കട്ടികുറഞ്ഞ പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനത്തിനാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്. ദേശീയതലത്തിൽ 20 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾക്കാണ് നിരോധനം ഉള്ളത്. എന്നാൽ സംസ്ഥാനത്ത് അത് 30 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. 50 മൈക്രോൺ വരെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാൻ നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തീരുമാനം ആകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. എന്നാൽ പ്ലാസ്റ്റിക് ബാഗുകളുടെ പൂർണ്ണ നിരോധനത്തെക്കുറിച്ച് തീരുമാനം എടുത്തിട്ടില്ല.

കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

21 (*501) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; ഏതെല്ലാം തരത്തിലുള്ള മത്സ്യങ്ങളാണ് ഇതുമൂലം കൂടുതലായി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ പദ്ധതിക്കായി എന്ത് തുക ചെലവിട്ടെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്. കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 5 തീരദേശ പഞ്ചായത്തുകളിൽ അഡാക്ക് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ തീരദേശ പഞ്ചായത്തുകളായ അഞ്ചു തെങ്ങ്, കഠിനംകുളം, പൂവാർ, കുളത്തൂർ, കരിംകുളം എന്നിവിടങ്ങളിൽ 6 സ്ഥലങ്ങളിലായാണ് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചത്. ത്രികോണാകൃതിയിലുള്ള 60 സ്റ്റീൽ മോഡ്യൂളുകൾ നിർമ്മിച്ച് ഓരോ സ്ഥലങ്ങളിലും നിക്ഷേപി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയായിരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ കണവ, പാര, തിരണ്ടി, പരവ മുതലായ മത്സ്യങ്ങളാണ് കൂടുതലായി ലഭ്യമാകുന്നത്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 83.39 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്പെഷ്യൽ സെക്യൂരിറ്റി സോണിൽ അനധികൃത കെട്ടിടനിർമ്മാണം

22 (*502) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നോട്ടിഫൈ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമാണ് ;

(ബി) സ്പെഷ്യൽ സെക്യൂരിറ്റി സോണുകളിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ദൂരപരിധിയും ഉയരപരിധിയും നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) സ്പെഷ്യൽ സെക്യൂരിറ്റി സോണിൽ പരിധി ലംഘിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ ഉള്ള സാഹചര്യത്തിൽ വി. ഐ. പി. കെട്ടിടങ്ങൾക്ക് സെക്യൂരിറ്റി സംവിധാനം എങ്ങനെ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ ;

(ഡി) നിയമസഭ, രാജ് ഭവൻ തുടങ്ങിയ സ്പെഷ്യൻ സെക്യൂരിറ്റി സോണുകളുടെ നിശ്ചിത പരിധികൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം അറിവുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരളത്തിൽ സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നോട്ടിഫൈ ചെയ്തിട്ടില്ല.

(ബി) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടം 32(3) പ്രകാരം, നിർമ്മാണം, പുനർ നിർമ്മാണം, കൂട്ടിച്ചേർക്കൽ എന്നിവ നിർദ്ദിഷ്ട സെക്യൂരിറ്റി സോണുകൾക്കുള്ളിൽ നടത്തുമ്പോൾ, കെട്ടിടത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം വരെയുള്ള മൊത്തം ഉയരം 10 മീറ്ററിൽ കൂടാത്തതോ അഥവാ ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന പ്രകാരമോ, ഇവയിൽ ഏതാണോ കുറവ്, അപ്രകാരം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട സെക്യൂരിറ്റി സോണിലെ നിലവിലെ ഏതൊരു കെട്ടിടത്തിനും അതിന്റെ ഏറ്റവും ഉയർന്ന ഭാഗംവരെ മൊത്തം ഉയരം 10 മീറ്ററോ അതിലധി

LIBRARY ARCHIVES Kerala Legislative Assembly